(ഐ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി കർഷക തൊഴിലാളികൾക്ക് ചികിത്സാ ധനസഹായവും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും വനിതകളായ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹധനസഹായവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകി വരുന്നുണ്ട്.

(ജെ) ഇപ്പോൾ പരിഗണനയിലില്ല.

ചുരുട്ട് തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക

41 [528] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുരുട്ട് (സിഗാർ) തൊഴിലാളികൾക്ക് എത്ര മാസത്തെ പെൻഷൻ നൽകാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിനായി എത്ര തുക വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക പെൻഷൻ അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ചുരുട്ട് (സിഗാർ) തൊഴിലാളികളിൽ എഴുപതുവയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചുരുട്ട് (സിഗാർ) തൊഴിലാളികൾക്ക് 2004 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള (4 മാസം) പെൻഷൻ കുടിശ്ശികയുണ്ട്. ഇതിനുവേണ്ടി 1,72,800 രൂപാ വേണ്ടിവരും.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കെ. എസ്. ആർ. ടി. സി.-യുടെ ആധുനികവൽക്കരണം

42 [529] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ട്രാൻസ്പോർട്ട് സംവിധാനം ആധുനികവത്ക്കരിക്കാനും കാര്യക്ഷമമാക്കാനും എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) എം.ജി.പി. പ്രകാരം ആധുനികവത്ക്കരണത്തിന് കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ മദ്ധ്യതല മാനേജ്മെന്റ് സംവിധാനം പരിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) റോഡ് ട്രാൻസ്പോർട്ട് വ്യവസായം കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ ധനകാര്യ ഏജൻസികൾ കേന്ദ്രഗവൺമെന്റ് എന്നിവരുമായി ഏതെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാര്യക്ഷമമായ ഒരു പൊതുയാത്രാ സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. യാത്രാ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ആധുനികവൽക്കരിക്കാനുമുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മിനി ബസ്സുകൾ ഉൾപ്പെടെ കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ പദ്ധതിയുണ്ട്. ദീർഘദൂര യാത്രക്കാർക്ക് ഇപ്പോഴുള്ള വോൾവോ ബസ്സുകൾക്കു പുറമേ 10 എ/സി ലക്ഷ്വറി ബസ്സുകൾ കൂടി ഓടിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു. കൂടുതൽ സൗകര്യങ്ങളുള്ള ഹൈടെക് ബസ്സുകൾ ദീർഘദൂര റൂട്ടുകളിൽ ഓടിക്കുന്നുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി തലസ്ഥാനത്ത് 14 ലോ ഫ്ളോർ എയർ ബസ്സുകൾ ഓടിച്ചുവരുന്നുണ്ട്. കൂടാതെ 150 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ അനന്തപുരി എക്സ്പ്രസ്സ് എന്നപേരിൽ ഓടിക്കാനും പദ്ധതിയുണ്ട്. ബസ്സ് സ്റ്റേഷനുകളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം മുതലായവ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

(ബി) എം.ജി.പി. പ്രകാരം ആധുനിക വൽക്കരണത്തിന് കെ.എസ്.ആർ.ടി.സി. രൂപ ആവശ്യപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. എ.റ്റി.ഒ., എ.ഒ., ഡി.ഇ. മുതലായ മദ്ധ്യതല മാനേജുമെന്റ് തസ്തികകളിലേയ്ക്ക് ഒരു നിശ്ചിത ശതമാനം നേരിട്ട് നിയമിക്കാനുള്ള നടപടികൾ എടുത്തു വരുന്നു.

(ഡി) ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തി വരുന്നു. അന്തിമ ധാരണയിൽ എത്തിയിട്ടില്ല.

കെ. എസ്. ആർ. ടി. സി.-യുടെ പുതിയ ബസ്സുകൾ

43 [530] ശ്രീ. പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങാനുള്ള തീരുമാനം അനുസരിച്ച് എത്ര പുതിയ ബസ്സുകൾക്കാണ് ഓർഡർ നൽകിയത്;

LIBRARY ARCHIVES Kerala Legislative Assembly